# പിന്നാക്ക വിഭാഗ വികസന വകുപ്പ്

## എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

**സിവിൽ സ്റ്റേഷൻ - രണ്ടാം നില, കാക്കനാട്, എറണാകുളം - 682030**

**ഫോൺ/ഫാക്സ് : 0484 2429130 ,** email : bcddekm@gmail.com


**DDEKM/A1/418/16** **തീയതി :07/02/2017**

**ഭരണഭാഷ-മാതൃഭാഷ**

## അറിയിപ്പ്

**പി**ന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കുന്ന മത്സരപരീക്ഷാ പരിശീലന ധനസഹായ പദ്ധതിയായ എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിന്റെ (2016-17) ഷോർട്ട്ലിസ്റ്റ് 05/12/16 ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ഷോർട്ട് ലിസ്റ്റിലുൾപ്പെട്ടവർ 20.12.16 നകം അപേക്ഷയും അനുബന്ധരേഖകളും ബന്ധപ്പെട്ട മേഖലാ ആഫീസുകളിൽ ലഭ്യമാക്കണമെന്ന് അറിയിപ്പ് നൽകിയിരുന്നു. നിശ്ചിത തീയതിക്കകം ലഭ്യമായ അപേക്ഷകളുടെ സൂക്ഷ്മപരിശോധന പൂർത്തീകരിച്ച് അത് പ്രകാരം തയ്യാറാക്കിയ പട്ടിക **www.bcdd.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പട്ടിക പരിശോധിച്ച് **Pending** ആയിട്ടുള്ളവർ റിമാർക്സ് കോളത്തിൽ രേഖപ്പെടുത്തിയിട്ടുള്ള, ന്യൂനതകൾ പരിഹരിക്കുന്നതിന് ആവശ്യമായ രേഖകൾ **20.02.2017 നകം** ബന്ധപ്പെട്ട മേഖലാ ആഫീസുകളിൽ ലഭ്യമാക്കേണ്ടതാണ്. ഓരോ കോളത്തിലും രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളിൽ എന്തെങ്കിലും തിരുത്തലുകൾ വരുത്തേണ്ടതുണ്ടെങ്കിൽ ആയത് തെളിയിക്കുന്ന രേഖകൾ സഹിതം വെള്ളക്കടലാസ്സിൽ തയ്യാറാക്കിയ അപേക്ഷ അയക്കേണ്ടതാണ്. ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് തുക അനുവദിക്കുന്നത്. ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്ന പട്ടികയിൽ ഉൾപ്പെട്ടു എന്നതുകൊണ്ട് മാത്രം ആനുകൂല്യം ലഭ്യമായിക്കൊള്ളണമെന്നില്ല. ഓരോ സ്കീമിലും ഫീസിനത്തിൽ അനുവദിക്കുന്ന **(മെഡിക്കൽ/എഞ്ചിനീയറിങ് - 20000/-, ബാങ്കിങ് - 10000/-, സിവിൽ സർവ്വീസ് - 25000/-, പി.എസ്.സി/മറ്റുള്ളവ - 5000/-)** തുകയ്ക്കുള്ള ഫീസ് രശീത്/ഫീസ് അടച്ചുവെന്ന് തെളിയിക്കുന്ന രേഖ ഹാജരാക്കേണ്ടതാണ്. ടി തീയതിക്കകം ന്യൂനത പരിഹരിക്കാത്ത പക്ഷം അന്തിമ പട്ടികയിൽ നിന്നും യാതൊരു അറിയിപ്പും കൂടാതെ ഒഴിവാക്കുന്നതാണ്. ***20.02.17 നകം ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.*** അപേക്ഷകൾ അയക്കേണ്ട വിലാസം ചുവടെ ചേർക്കുന്നു.

**തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ 7 ജില്ലകളിലെ അപേക്ഷകർ**

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ
എറണാകുളം മേഖലാ ഓഫീസ്,
പിന്നാക്ക വിഭാഗ വികസന വകുപ്പ്
സിവിൽ സ്റ്റേഷൻ (രണ്ടാം നില), കാക്കനാട്,
എറണാകുളം - 682030
ഫോൺ/ഫാക്സ് : 0484-2429130, *email: bcddekm@gmail.com*

**തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 7 ജില്ലകളിലെ അപേക്ഷകർ**

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ
കോഴിക്കോട് മേഖലാ ഓഫീസ്,
പിന്നാക്ക വിഭാഗ വികസന വകുപ്പ്
സിവിൽ സ്റ്റേഷൻ (ഒന്നാം നില), കോഴിക്കോട്-673020
ഫോൺ : 0495-2377786, ഫാക്സ് : 0495-2377796
*Email: bcddkkd@gmail.com*

(ഒപ്പ്/-)

*മേഖലാ ഡെപ്യൂട്ടി ഡയറക്ടർ*